

# കൈപ്പമംഗലം സെന്റ് ജോസഫ് ഇടവക

1871-ൽ സ്ഥാപിതമാണ് കൈപ്പമംഗലം സെന്റ് ജോസഫ് ഇടവക. തൊഴിലാളികളായ ജനങ്ങൾ ഏറെയും തിങ്ങിപ്പാർക്കുന്ന ഈ തീരപ്രദേശത്ത് തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ മദ്ധ്യസ്ഥതയിലുള്ള ഈ ദേവാലയം പൂർവ്വികർ ഇപ്പോഴുള്ളവർക്കും ഇനിയുള്ള തലമുറകൾക്കും കരുതിവച്ച അനുഗ്രഹദായകമായ നിധിയാണ്. വിളിച്ചാൽ വിളി കേൾക്കുന്ന പിതാവ് എന്നാണ് നമ്മുടെ ഇടവക മദ്ധ്യസ്ഥനെ കുറിച്ച് ജാതിമതഭേദമെന്യേ അനുഭവസമ്പന്നരായ പൂർവ്വികർ ഐകകണ്ഠ്യേന സാക്ഷ്യപ്പെടുത്തുന്നത്. എടത്തിരുത്തി ഇടവകയിൽ നിന്ന് രൂപംകൊണ്ടതാണ് ഈ ഇടവക.

## അത്ഭുതസിദ്ധികൾ

അനന്തരാവകാശിയായി ഒരാൺകുഞ്ഞിനു വേണ്ടിയുള്ള കാത്തിരിപ്പിനൊടുവിൽ ആരോ പറഞ്ഞറിഞ്ഞ് വിശുദ്ധ യൗസേപ്പിതാവിനോട് മദ്ധ്യസ്ഥം പ്രാർത്ഥിച്ചതിന്റെ ഫലമായി ആൺകുഞ്ഞിനെ ലഭിച്ച ഒരു ആശാരി കുടുംബത്തിന്റെ അനുഭവം ഈ ഇടവക ദേവാലയത്തിന്റെ വളർച്ചയ്ക്കും സുസ്ഥിതിക്കും നിദാനമായി എന്നുള്ള വസ്തുത പൂർവ്വികർ അത്യാഹ്ലാദത്തോടെയാണ് സ്മരിക്കുന്നത്. പണ്ടുകാലത്തെ പേടിസ്വപ്നമായിരുന്ന വസൂരി വസന്തപോലുള്ള രോഗങ്ങളിൽ നിന്നും മുക്തി നേടാൻ വിദൂരങ്ങളിൽ നിന്നുപോലും വിശ്വാസികൾ നേർച്ചകാഴ്ചകളുമായി ഈ കൊച്ചുദേവാലയത്തിലേക്ക് വന്നിരുന്നുവത്രേ. കുടുംബങ്ങളുടെ സംരക്ഷകനായ കുഞ്ഞുണ്ണീശോയുടെ പരിപാലകനായ വിശുദ്ധന്റെ മാദ്ധ്യസ്ഥത്താൽ സന്താന സൗഭാഗ്യത്തിനർഹരായവർ തങ്ങളുടെ കുഞ്ഞുങ്ങളേയും, വിശുദ്ധന്റെ മദ്ധ്യസ്ഥത്താൽ ഉദ്ദിഷ്ടകാര്യം സാധ്യമായവർ തങ്ങളെത്തന്നെയും നന്ദിസൂചകമായി വിശുദ്ധന് അടിമയിരുത്തുന്ന വഴിപാടുകളും ആദ്യകാലം തൊട്ടേ നടത്തിവന്നിരുന്നു.

## ഇന്നത്തെ ദേവാലയം

നാഷണൽ ഹൈവേ 17 കൈപ്പമംഗലം 12-ൽ നിന്ന് ഏകദേശം ഒരു കിലോമീറ്റർ കിഴക്കോട്ട് നീങ്ങി പഴമയുടെ വിശ്വാസചൈതന്യം വിളിച്ചോതിക്കൊണ്ട്



വൈദിക മന്ദിരം

തലയെടുപ്പോടെ നില്ക്കുന്നു ഈ ദേവാലയം. 1960-ൽ ബഹു. ജോസഫ് കണ്ണത്ത് അച്ചൻ വികാരിയായിരുന്നപ്പോഴാണ് പഴയ ദേവാലയം പൊളിച്ച് ഇന്ന് കാണുന്ന ദേവാലയം നിർമ്മിച്ചത്. 1962 ഏപ്രിൽ 30-ന് പൂർത്തിയായ ദേവാലയത്തിന്റെ വെഞ്ചരിപ്പുകർമ്മം മാർ ജോർജ്ജ് ആലപ്പാട്ട് പിതാവ് നിർവ്വഹിച്ചു. 1896-ൽ ആണ് പള്ളിസ്ക്കൂൾ ആരംഭിച്ചത്. എടത്തിരുത്തി ഫൊറോനയിൽപ്പെട്ട ഈ ദേവാലയം ഈ പ്രദേശത്തെ പഴക്കം ചെന്ന ഇടവകകളിലൊന്നാണ്.



ആർ.സി.യു.പി. സ്ക്കൂൾ

## കോൺവെന്റ്

പള്ളിസ്ക്കൂളിലും ഇടവകയിലെ വിവിധ അജപാലന പ്രവർത്തനങ്ങളിലും സേവനം ലഭിക്കുന്നതിനുവേണ്ടി ബഹു. ജോസ് പന്തല്ലൂക്കാരനച്ചന്റെ കാലത്ത് പള്ളിപ്പറമ്പിൽനിന്ന് നൽകിയ സ്ഥലത്ത് എഫ്.സി.സി. അൽവേർണിയ പ്രോവിൻസിന്റെ കീഴിൽ 1980-ൽ സ്ഥാപിതമായതാണ് ക്യൂൻ മേരി കോൺവെന്റ്. അതിനോട് ചേർന്ന് ഒരു സോഷ്യൽ സെന്റർ പ്രവർത്തിക്കുന്നുണ്ട്.



ക്യൂൻമേരി എഫ്.സി.സി. കോൺവെന്റ്

## ഇടവക ഇന്ന്

നിരവധി ചരിത്രമുഹൂർത്തങ്ങൾക്കും സംഭവങ്ങൾക്കും സാക്ഷിയായിട്ടുള്ള ഇടവകയിൽ ഇപ്പോൾ 7 കുടുംബയൂണിറ്റുകളിലായി 150 കുടുംബങ്ങളും 572 അംഗങ്ങളും ഉണ്ട്. 1896-ൽ ആരംഭിച്ച പുരാതനമായ ഒരു യു.പി. സ്ക്കൂളും, രണ്ട് കപ്പേളകളും ഈ ഇടവകയിൽ സ്ഥിതിചെയ്യുന്നു.



സെന്റ് മേരീസ് കപ്പേള



സെന്റ് ആന്റണീസ് കപ്പേള